# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1364.

11-08-2017 ൽ മറുപടിയ്ക്ക്

## നെല്ല് ഉൽപാദനം

**ചോദ്യം**
ശ്രീ.കെ.കുഞ്ഞിരാമൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നെല്ല് ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നെൽകൃഷി വികസനത്തിന് പ്രത്യേക പരിഗണന നൽകിക്കൊണ്ട് സമഗ്ര നെൽകൃഷി വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത നടപടികളുടെ ഫലമായി സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി അധികമായി ചെയ്യാൻ സാധിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ? | (ബി) | 2016-17 സാമ്പത്തിക വർഷം സുസ്ഥിര കൃഷി വികസന പദ്ധതി 169535.8 ഹെക്ടർ സ്ഥലത്ത് നടപ്പാക്കി. തരിശുനിലകൃഷിയിലൂടെ 2782.3857 ഹെക്ടർ സ്ഥലം നെൽകൃഷിയിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചു. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ചേർത്തിരിക്കുന്നു. കൂടാതെ 2782 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷിയും 94 ഹെക്ടർ സ്ഥലത്ത് ഒരുപ്പുകൃഷി ഇരുപ്പുകൃഷിയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-I

നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം 2016-17 മുതൽ നടപ്പിലാക്കിയ വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

### * സുസ്ഥിര നെൽകൃഷി

സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചിലവിനായി 1500/- രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. 2016-17 വർഷം ഈ ഘടകത്തിൽ 169535.8 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കി 2576.85879 ലക്ഷം രൂപ ചിലവഴിച്ചിരുന്നു.

### * വികസന ഏജൻസികൾക്കുള്ള ഫണ്ട്-

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

(ഓണാട്ടുകര വികസന ഏജൻസി, ഇറവൂർ കരിനില വികസന ഏജൻസി, പുറക്കാട് നെൽകൃഷി വികസന ഏജൻസി, കുട്ടനാട് നെൽകൃഷി വികസന ഏജൻസി, തൃശ്ശൂർ കോൾ വികസന ഏജൻസി, കാട്ടാമ്പള്ളി നെൽകൃഷി വികസന ഏജൻസി, പാലക്കാട് നെൽകൃഷി വികസന ഏജൻസി, വയനാട് നെൽകൃഷി വികസന ഏജൻസി, പൊന്നാനി കോൾ വികസന ഏജൻസി, പൊക്കാളി നെൽകൃഷി വികസന ഏജൻസി എറണാകുളം) 2016-17 വർഷം ഈ ഘടകത്തിൽ 32.439 ലക്ഷം രൂപ ചിലവഴിച്ചിരുന്നു.

### * പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം -

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു. 2016-17 വർഷം ഈ ഘടകത്തിൽ 888.57 ഹെക്ടർ സ്ഥലത്ത് പ്രത്യേക നെല്ലിനങ്ങളുടെ കൃഷി നടത്തി 88.85 ലക്ഷം രൂപ ചിലവഴിച്ചിരുന്നു.

### * പാടശേഖരസമിതികളുടെ പ്രവർത്തന ചിലവിനായുള്ള പദ്ധതി-

പാടശേഖരസമിതികളുടെ പ്രവർത്തന ചിലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്തേക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്. 2016-17 വർഷം ഈ ഘടകത്തിൽ 126842 ഹെക്ടർ സ്ഥലത്ത് കൃഷി നടത്തി 457.445 ലക്ഷം രൂപ ചിലവഴിച്ചിരുന്നു.

### * കരനെൽകൃഷി വികസനം-

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2560 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) ആകെ 348.16 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. 2016-17 വർഷം ഈ ഘടകത്തിൽ 2743.228 ഹെക്ടർ സ്ഥലത്ത് കരനെല്ല് ചെയ്യുതിനു 341.93907 ലക്ഷം രൂപ ചിലവഴിച്ചിരുന്നു.

### * തരിശുനില കൃഷി

നെൽകൃഷിയിലേക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കി കൊണ്ട് വരുന്നതിനു വേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിനു ഒന്നാം വർഷത്തെ കൃഷിക്ക് 30000 രൂപയും രണ്ടാം വർഷം 7000 രൂപയും നൽകുന്നു. 2016-17 വർഷം 2372.2457 ഹെക്ടർ സ്ഥലത്ത് തരിശുനില കൃഷി ചെയ്യുതിനു 688.00237 ലക്ഷം രൂപ ചിലവഴിച്ചിരുന്നു.

### • ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി

ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിനു 10000 രൂപ നിരക്കിൽ 1500

ഹെക്ടറിന് ധനസഹായം നൽകുന്നുണ്ട്. 2016-17 വർഷം 88.4 ഹെക്ടർ സ്ഥലത്ത് ഇത് നടപ്പാക്കി 8.8452 ലക്ഷം രൂപ ചിലവഴിച്ചു.

* **പദ്ധതിയധിഷ്ഠിത ധനസഹായം**

നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും നെൽ കൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകുന്നുണ്ട്. ആയതിലേക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

* **നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം**

നെൽ വർഷാചരണത്തിൻറെ ഭാഗമായി പരിസ്ഥിതി സൗഹൃദ, സുസ്ഥിര ആശയങ്ങൾ നെൽകൃഷിയിൽ നടപ്പാക്കുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകുന്നു. ആയതിലേക്ക് 262 ലക്ഷം രൂപ ഉൾകൊള്ളിച്ചിരിക്കുന്നു.

* **ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം**

നെൽകൃഷി മേഖലയിൽ കേന്ദ്ര /സംസ്ഥാന/ തദ്ദേശസ്വയംഭരണ സ്ഥാപന ആനുകൂല്യങ്ങൾ സംയോജിപ്പിച്ച് ഏകീകരിച്ച രീതിയിൽ താഴെത്തട്ടിൽ നടപ്പാക്കുന്നതിനായും ഒന്നിലധികം പഞ്ചായത്തുകളിലായി വരുന്ന പാടശേഖരങ്ങളിൽ പൊതു ഞാറ്റടി, തോട് നവീകരണം, കൊയ്ത്തു മെതി യന്ത്രങ്ങൾ ഉറപ്പാക്കൽ, മില്ലുകൾ സ്ഥാപിക്കൽ, മറ്റു സംഭരണ സംസ്കരണ വിപണന പ്രവർത്തനങ്ങൾ എന്നിവക്കുമായി 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

* **റൈസ് മില്ലുകൾ സ്ഥാപിക്കൽ**

പാടശേഖര സമിതികൾ സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതിയധിഷ്ഠിതമായി ആണ് ധനസഹായം നൽകുക.

ഇത് കൂടാതെ നെൽകൃഷി വികസനത്തിനായി താഴെ പറയുന്ന പദ്ധതിയേതര (NP) പദ്ധതികളും നടപ്പിലാക്കി.

* **നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ) -**

നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000 രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. 2016-17 വർഷത്തിൽ 1243.44 ലക്ഷം രൂപ അനുവദിക്കുകയും 1239.26375 ലക്ഷം രൂപ ചിലവാക്കുകയും ചെയ്തു.

* **കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ) -**

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചിരുന്നു. 2016-17 വർഷം 3443 ലക്ഷം രൂപ ഇതിലേക്കായി അനുവദിക്കുകയും 3442.65 ലക്ഷം രൂപ ചിലവാക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ

## അനുബന്ധം-II

| | ജില്ല | സുസ്ഥിര കൃഷി | തരിശുനിലകൃഷി |
|---|---|---|---|
| 1 | തിരുവനന്തപുരം | 1346.442 | 26.52 |
| 2 | കൊല്ലം | 1381.096 | 168.113 |
| 3 | പത്തനംതിട്ട | 2592.77 | 232.64 |
| 4 | ആലപ്പുഴ | 36978.744 | 25.552 |
| 5 | കോട്ടയം | 17333.964 | 187.1187 |
| 6 | ഇടുക്കി | 769.618 | 22.52 |
| 7 | എറണാകുളം | 3705.6913 | 203 |
| 8 | തൃശ്ശൂർ | 18134.406 | 481.576 |
| 9 | പാലക്കാട് | 64294.5427 | 0 |
| 10 | മലപ്പുറം | 5847.14 | 309.33 |
| 11 | കോഴിക്കോട് | 1985.698 | 378.244 |
| 12 | വയനാട് | 8417.167 | 95.55 |
| 13 | കണ്ണൂർ | 4748.5214 | 385.122 |
| 14 | കാസർഗോഡ് | 2000 | 41.1 |
| | | **169535.8004** | **2782.3857** |

സെക്ഷൻ ഓഫീസർ